# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **12.10.2011 ൽ മറുപടിയ്ക്ക്**
**ചോദ്യം നം. 2736**

## കേപ്പിന്റെ ആസ്തി

**ചോദ്യം**

ശ്രീ. ജി. സുധാകരൻ

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

(എ) എറണാകുളം ഡി.സി.ബി. യിൽ 31.03.2001, 31.03.2006 എന്നീ തീയതികളിൽ കേപ്പിന്റെ ഓവർ ഡ്രാഫ്റ്റ് ബാദ്ധ്യത എത്രയായിരുന്നു; 2011 സെപ്റ്റംബർ 30 ന് എത്രയായിരുന്നു;

(എ) കേപ്പിന് എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ ഉള്ള ഓവർ ഡ്രാഫ്റ്റ് താഴെപ്പറയും പ്രകാരമാണ്

| | |
|---|---|
| 31.03.2001 | ഇല്ല |
| 31.03.2006 | ₹.37,39,60,258 |
| 30/09/11 | ₹.21,28,93,150 |

(ബി) 2001 – 2006 ൽ കേപ്പിന്റെ ആസ്തിയെത്രയായിരുന്നു; ഈ കാലയളവിൽ നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ, എന്തു തുക വരുമെന്ന് അറിയിക്കുമോ;

(ബി) 2001 – 2006 കാലയളവിൽ കേപ്പിന്റെ ആസ്തി താഴെ പറയുന്ന പ്രകാരമായിരുന്നു.

| | |
|---|---|
| 2000 – 2001 | ₹.3,55,84,151 |
| 2001 - 2002 | ₹.8,50,72,933 |
| 2002 – 2003 | ₹.20,31,48,408 |
| 2003 – 2004 | ₹.57,58,19,789 |
| 2004 – 2005 | ₹.80,82,13,084 |
| 2005 – 2006 | ₹.83,54,88,570 |

പ്രസ്തുത കാലയളവിൽ കേപ്പിന് 4,74,03,933 രൂപ നഷ്ടമുണ്ടായിട്ടുണ്ട്.

(സി) 2006 – 2011 ൽ കേപ്പ് ആരംഭിച്ച പുതിയ സ്ഥാപനങ്ങളുടെ ആസ്തി എത്രയെന്ന് വ്യക്തമാക്കുമോ;

(സി) 2006 – 2011 ൽ കേപ്പ് ആരംഭിച്ചിട്ടുള്ള പുതിയ സ്ഥാപനങ്ങളുടെ ആസ്തി 36,19,81,718 രൂപയാണ്.

| | | |
|---|---|---|
| പ്രസ്തുത സ്ഥാപനത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | കൊച്ചി നഴ്സിംഗ് കോളേജിനു വേണ്ടിയുള്ള കെട്ടിടത്തിന്റേയും ഹോസ്റ്റലിന്റേയും പണി പൂർത്തിയായി വരുന്നു. പുന്നപ്രയിലെ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & മാനേജ്മെന്റിന്റെ പുതിയ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം നടന്നു കൊണ്ടിരിക്കുന്നു. പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു.<br>ആൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ നിർമ്മാണം പുരോഗമിച്ചു വരുന്നു. സാഗര പുന്നപ്ര കോ-ഓപ്പേറേറ്റീവ് ഹോസ്പിറ്റലിൽ ഹൃദയശസ്ത്രക്രിയാ വിഭാഗം തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിനാവശ്യമായ വില കൂടിയ ഉപകരണങ്ങൾ പലതും ഇതിനോടകം വാങ്ങിക്കഴിഞ്ഞു. 90 കിടക്കകളുള്ള പുതിയ ബ്ലോക്കിന്റെ പണി പൂർത്തിയായി വരുന്നു. 2.46 കോടി രൂപ വിലവരുന്ന സി.റ്റി. സ്കാനർ ആശുപത്രിയിൽ സ്ഥാപിച്ചു കഴിഞ്ഞു. താമസംവിനാ സി.റ്റി. സ്കാനറിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ